## വി. ടി. യുടെ സമ്പൂർണ്ണകൃതികൾ

കഴിഞ്ഞ നൂറ്റാണ്ടിന്റെ ഒടുവിലാരംഭിച്ച് പല ദിശകളിലൂടെയും വ്യക്തികളിലൂടെയും വളർന്ന് ഭാഷയെയും സംസ്കാരത്തെയും ഉണർത്തി മുന്നോട്ടുപോയ കേരളീയ നവോത്ഥാനത്തിന്റെ ഏറ്റവും സാരവത്തായ ചില മൂല്യങ്ങളാണ് വി. ടി. യിലും അദ്ദേഹത്തിന്റെ മനുഷ്യദർശനത്തിലും പൂർത്തിനേടിയത്.

വി. ടി. ഇന്നില്ല. അദ്ദേഹം ജനിക്കുകയും പ്രവർത്തിക്കുകയും ചെയ്ത സമൂഹമാകട്ടെ പരിചയപ്പെടുത്തിയാൽപ്പോലും വിശ്വസിക്കാനാവാത്ത വിധം വിദൂരവിസ്മൃതമായിക്കഴിഞ്ഞു. എങ്കിലും ആ പഴയകാലത്തെയും അതിൽനിന്ന് ഇന്നത്തെ കേരളത്തിലെത്താൻ നാം സഞ്ചരിച്ച ദീർഘദൂരങ്ങളെയും ഓർമ്മപ്പെടുത്തിക്കൊണ്ട്, മാനുഷികതയുടെ വലിയൊരു രേഖയായി വി. ടി. യുടെ കൃതികൾ നമ്മോടൊപ്പമുണ്ട്. വിക്ടർയൂഗോ പാവങ്ങളെക്കുറിച്ചു പറഞ്ഞതപോലെ ചിലപ്പോഴെങ്കിലും അവ നമ്മുടെ വർത്തമാനത്തിന്റെ വാതിലിൽ മുട്ടിവിളിക്കുന്നു. ഉപ്പ്, തീർച്ചയായും അവയ്ക്ക് നമ്മുടെ മുറിയിൽ ഇടമുണ്ട്. എവിടവിടെ മനസ്സ് അനാർദ്രവും അമാനുഷവും ആകുന്നുവോ, അവിടെവിടെ സ്നേഹവും ജലവും നിറച്ച ഈ കറുത്ത മഷിക്കുപ്പിക്ക് സ്ഥാനമുണ്ട്. എവിടെവിടെ മരുഭൂമികൾ ഉണ്ടാകുന്നുണ്ടോ അവിടവിടെ ഈ വേരുണങ്ങാത്ത വാക്കിന് ആഴവും പടർച്ചയുമുണ്ട്.

-കെ. സി. നാരായണൻ

കവർ ഡിസൈൻ: എൻ. അജയൻ

ഡിസി ബുക്സ്

www.dcbooks.com

ISBN 81-7130-701-4

9 788171 307012 00008

സമ്പൂർണ്ണം

E-book available

₹ 675

വി. ടി. യുടെ സമ്പൂർണ്ണകൃതികൾ

DCB

8-ാം പതിപ്പ്



# വി. ടി. യുടെ സമ്പൂർണ്ണകൃതികൾ

DCB

1739

College Of Avian Sciences & Management
LIBRARY
KVASU Thiruvazhamkunnu-678 601

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No. 1739 Call No.

This book should be returned on or before the date last given below.

College Of Avian Sciences & Management
LIBRARY
KVASU Thiruvazhamkunnu-678 601

| | | |
|---|---|---|
| | | |

വി.ടി. ഭട്ടതിരിപ്പാട്
(1896–1982)

1896 മാർച്ച് 26–ന് പഴയ പൊന്നാനി താലൂക്കിലെ മേഴത്തൂർ വില്ലേജിൽ വെള്ളിത്തിരുത്തിത്താഴത്തില്ലത്തു ജനിച്ചു. സ്കൂളിൽ പഠിക്കുമ്പോൾ 'വിദ്യാർത്ഥി' എന്ന മാസിക സ്വന്തം പത്രാധിപത്യത്തിൽ കല്ലച്ചിൽ അടിച്ചിറക്കി. അഞ്ചാം ഫാറത്തിലെ പരീക്ഷയ്ക്കിരിക്കുന്നതിനുമുമ്പ് ദേശീയ സ്വാതന്ത്ര്യസമരത്തിലും പിന്നീട് സാമുദായിക നവോത്ഥാനപ്രവർത്തനങ്ങളിലും സജീവമായി പങ്കെടുത്തു. യോഗക്ഷേമസഭയുടെ 22–ാം വാർഷികത്തിൽ ആദ്യത്തെ സാമുദായിക പ്രഹസനമായ 'അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്' എന്ന നാടകം അവതരിപ്പിച്ചു. സമുദായത്തിലെ വിപ്ലവകരമായ മാറ്റങ്ങൾക്ക് ധീരമായ നേതൃത്വം നല്കി. കണ്ണീരും കിനാവും എന്ന കൃതിക്ക് കേരള സാഹിത്യ അക്കാദമി അവാർഡ് (1972), കേരള സാഹിത്യ അക്കാദമി ഫെല്ലോഷിപ്പ് (1976). 1982 ഫെബ്രുവരി 12–ന് അന്തരിച്ചു. രജനീരംഗം(കഥകൾ), പോംവഴി(കഥകൾ), കരിഞ്ചന്ത (അപ്രകാശിത നാടകം), സത്യമെന്നത് ഇവിടെ മനുഷ്യനാകുന്നു(ലേഖനങ്ങൾ), വെടിവട്ടം (ലേഖനങ്ങൾ), കാലത്തിന്റെ സാക്ഷി (ലേഖനങ്ങൾ), എന്റെ മണ്ണ് (ലേഖനങ്ങൾ), കണ്ണീരും കിനാവും (ആത്മകഥ), ദക്ഷിണായനം (ആത്മകഥ), കർമ്മവിപാകം (ആത്മകഥാസമാഹാരം), വി.ടി. യുടെ തെരഞ്ഞെടുത്ത കഥകൾ, വി.ടി.യുടെ സമ്പൂർണ്ണ കൃതികൾ എന്നിവ കൃതികൾ.

വി.ടി. ഭട്ടതിരിപ്പാടിന്റെ ഞങ്ങൾ പ്രസിദ്ധീകരിച്ച കൃതികൾ

*കണ്ണീരും കിനാവും*
*അടുക്കളയിൽനിന്ന് അരങ്ങത്തേക്ക്*
*കർമ്മവിപാകം*
*വി.ടി.യുടെ സമ്പൂർണ കൃതികൾ*

വി.ടി. ഭട്ടതിരിപ്പാട്

# വി.ടി.യുടെ സമ്പൂർണ്ണ കൃതികൾ

അവതാരിക
കെ.സി. നാരായണൻ

ചിത്രീകരണം
നമ്പൂതിരി

ഡി സി ബുക്സ്

MALAYALAM LANGUAGE
VT yude Sampoorna Kruthikal

Complete Works

*by* V.T. Bhattathirippad

Rights Reserved

First Published March 1997
This edition - January 2019

PUBLISHERS
D C Books
Kottayam 686 001
Kerala State, India
Literature News Portal: www.dcbooks.com
Online Bookstore: www.onlinestore.dcbooks.com
e-bookstore: ebooks.dcbooks.com
Customercare: customercare@dcbooks.com, 9846133336

DISTRIBUTORS
D C Books-Current Books
INDIA

D C BOOKS LIBRARY CATALOGUING IN PUBLICATION DATA
Bhattathirippad V.T.
V.T.yude Sampoorna Krithikal/V.T. Bhattathirippad.
704 p. 21 cm
ISBN 81-7130-701-9
1. Malayalam literature. 2. Complete works I. Title
8Mo.084* - dc22.
*(This is local variation of DDC number for Malayalam literature:
V T yude Sampoorna Kruthikal).

No part of this publication may be reproduced, or transmitted in any form
or by any means, without prior written permission of the publisher.

ISBN 81-7130-701-9

Printed in India
at D C Press, Kottayam, INDIA.

D C BOOKS: THE FIRST INDIAN BOOK PUBLISHING HOUSE TO GET ISO CERTIFICATION

949/18-19-Sl. No. 18660-dcb 1795-(8)1000-14447-01-19 -spb 18.6-p as-r(t) dv-d(t)ga

# പ്രസാധകക്കുറിപ്പ്

(ആദ്യപതിപ്പിനെഴുതിയത്)

ഒരു സാമൂഹികവിപ്ലവത്തിന് തിരികൊളുത്തിയ വി.ടി. ഭട്ടതിരിപ്പാടിന്റെ കൃതികൾക്ക് എന്നും പ്രസക്തിയും പ്രാധാന്യവുമുണ്ട്. നവസമൂഹ സൃഷ്ടിക്ക് ഉത്തേജനം പകരുന്ന വി.ടി.യുടെ വാക്കുകൾ എല്ലാ തലമുറകളുടെയും സ്വത്തായിരിക്കണം. വാക്കുകൾകൊണ്ട് വിപ്ലവമുണ്ടാക്കിയ ആ പൈതൃകം നാളത്തെ ലോകത്തിനും മാതൃകയാവേണ്ടത് സമൂഹത്തിന്റെ ആവശ്യമാണ്. വിചാരവിപ്ലവത്തിന്റെ ഈ ആചാര്യന് അദ്ദേഹത്തിന്റെ ജന്മശതാബ്ദിയിൽ പ്രണാമമർപ്പിച്ചുകൊണ്ട് 'വി.ടി.യുടെ സമ്പൂർണ്ണകൃതികൾ' ഞങ്ങൾ കേരളത്തിന് സമർപ്പിക്കുന്നു.

മൂന്ന് ആത്മകഥാഖണ്ഡങ്ങളും 12 കഥകളും ഒരു നാടകവും 75 ഉപന്യാസങ്ങളും ഈ കൃതി ഉൾക്കൊള്ളുന്നു. ലഭ്യമായ കൃതികൾ എല്ലാം ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇനിയും ലഭിക്കുന്നവ അടുത്ത പതിപ്പിൽ ചേർത്ത് കുറച്ചുകൂടി സമ്പൂർണ്ണമാക്കാനും ഞങ്ങൾക്ക് ആഗ്രഹമുണ്ട്.

പുസ്തകങ്ങളും പുസ്തകരൂപത്തിൽ വരാത്തവയും ശേഖരിച്ച് എഡിറ്റ് ചെയ്തുതരികയും ആമുഖമെഴുതുകയും ചെയ്ത വി.ടി.യുടെ മകൻ വി.ടി. വാസുദേവൻ, എല്ലാ കൃതികളും പരിശോധിച്ച് അർഹമായ ഒരവതാരിക എഴുതിത്തന്ന കെ.സി. നാരായണൻ, ചിത്രങ്ങൾ വരച്ചുതന്ന് ഈ കൃതിയെ അമൂല്യമാക്കിയ നമ്പൂതിരി എന്നിവർക്ക് നന്ദി രേഖപ്പെടുത്തുന്നു.

മാർച്ച് 26, 1997

ഡി സി കിഴക്കെമുറി

# വെള്ളിത്തിരുത്തിത്താഴത്ത് രാമൻഭട്ടതിരിപ്പാട്
(1896–1982)

(ജീവചരിത്രം)

1896 മാർച്ച് 26–ന് പഴയ പൊന്നാനി താലൂക്കിലെ മേഴത്തൂർ വില്ലേജിൽ വെള്ളിത്തിരുത്തിത്താഴത്തില്ലത്തു ജനിച്ചു. അച്ഛൻ തുപ്പൻഭട്ടതിരിപ്പാട്. അമ്മ ശ്രീദേവി അന്തർജ്ജനം. അമ്മയുടെ പൂർവഭവനം: അങ്കമാലി കിടങ്ങൂർ കൈപ്പിള്ളിമന. ഋഗ്വേദി, കൗഷീതകവർഗം, കാശ്യപഗോത്രം. ഏഴു വയസ്സിൽ ഉപനയനം. ഒമ്പതാം വയസ്സിൽ സമാവർത്തനം. മേഴത്തൂർ കുളങ്ങര തൃക്കോവിൽക്ഷേത്രത്തിലും പിന്നീട് നാലു കൊല്ലത്തോളം പെരിന്തൽമണ്ണയ്ക്കടുത്തുള്ള പാതാക്കരമനയിലും ഏലംകുളത്തിനടുത്തുള്ള മുതുകുറുശ്ശിമനയിലും വേദാധ്യയനം. അമ്മയുടെ ഇല്ലമായ കൈപ്പിള്ളിയിലും തേവാരിയായി അകവൂർ മനയിലും കൂടല്ലൂർമനയിലും താമസിച്ചു. 17–ാം വയസ്സിൽ ഉപജീവനത്തിന് ഷൊർണൂരിനടുത്ത മുണ്ടമുക ശാസ്താംകാവിലെ ശാന്തിവൃത്തി. അക്കാലത്താണ് ഒരു പെൺകുട്ടിയിൽനിന്ന് (തിയ്യാടിസമുദായം) അക്ഷരം അഭ്യസിച്ചത്. കൂടുതൽ പഠിക്കാനുള്ള വെമ്പലിൽ ശാന്തിവൃത്തി ഉപേക്ഷിച്ച് മുറജപക്കാരുടെകൂടെ നാടുവിട്ടു. തിരുവനന്തപുരത്ത് ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിൽ ശീവേലിപ്പുരയിൽ ഭക്ഷണവും ജപദക്ഷിണ, ചക്രാബ്ജം തുടങ്ങിയ വരുമാനവുമായി ജീവിക്കവേ പരീക്ഷയ്ക്കിരുന്ന് നേറ്റിവ് ഹൈസ്കൂളിൽ ചേർന്നു പഠിക്കുവാൻ നിശ്ചയിച്ചു. എന്നാൽ, പാതാക്കര നമ്പൂതിരിപ്പാടിന്റെ ക്ഷണമനുസരിച്ച് പെരിന്തൽമണ്ണയിലേക്കു മടങ്ങി അവിടത്തെ ഹൈസ്കൂളിൽ തേഡ്ഫാറത്തിൽ ചേർന്നു. 1918–ലാണ് ഹൈസ്കൂൾജീവിതത്തിന്റെ ആരംഭം. എന്നാൽ പനിപിടിപെട്ട് കാൽകൊല്ലപ്പരീക്ഷയ്ക്കു മുമ്പുതന്നെ ആ പഠനം മുറിഞ്ഞു.

1919–ൽ ഇടക്കുന്നിയിൽ (തൃശൂർ) നമ്പൂതിരിവിദ്യാലയം ആരംഭിച്ചപ്പോൾ അവിടെ മൂന്നാം ഫാറത്തിൽ വിദ്യാർത്ഥിയായി ചേർന്നു. ദേശീയജീവിതത്തിന്റെയും സാമൂഹികജീവിതത്തിന്റെയും കാറ്റുപിടിച്ചു കുലുക്കിയത് അക്കാലത്താണ്. സ്കൂൾപരിസരത്തു തുടങ്ങിയ 'ആനന്ദമഠ'ത്തിന്റെ കീഴിൽ *വിദ്യാർത്ഥി* എന്ന മാസിക തന്റെ പത്രാധിപത്യത്തിൽ കല്ലച്ചിൽ അടിച്ചിറക്കി. ഒറ്റപ്പാലത്ത് നടന്ന മലബാർ ദേശീയസമ്മേളനത്തിൽ നമ്പൂതിരി വളണ്ടിയർമാരുടെ നേതൃത്വം വഹിച്ച് പോലീസിന്റെ അടികൊണ്ടു (1920). അഞ്ചാംഫാറത്തിലെ പൊതുപരീക്ഷയ്ക്കിരിക്കുന്നതിനുമുമ്പ് ദേശീയാവേശത്താൽ ഇന്ത്യൻ നാഷനൽ കോൺഗ്രസ്സിന്റെ

അഹമ്മദാബാദ് സമ്മേളനത്തിൽ പങ്കെടുക്കാൻ ചാടിപ്പോയി. ആ യാത്രയിൽ കപ്പലിൽ സഞ്ചരിച്ചു എന്ന കാരണത്താൽ പഠിപ്പ് നിർത്തേണ്ടി വന്നു; ആചാരപ്രകാരമുള്ള പ്രായശ്ചിത്തം ചെയ്യാൻ തയ്യാറായതുമില്ല. തൃത്താലയിൽ വിദ്യാവിലാസിനി സംസ്കൃതം സ്കൂളിൽ മലയാളവും കണക്കും പഠിപ്പിക്കുന്ന അധ്യാപകനായി തെല്ലിട ജോലിചെയ്തു. സാമുദായികപ്രവർത്തനങ്ങളിലേക്ക് ഇറങ്ങി. തൃശൂർ യോഗക്ഷേമം കമ്പനിയിൽ ക്ലർക്കായി ജോലിക്കു ചേർന്നു (1923). മംഗളോദയം അച്ചുക്കൂടം യോഗക്ഷേമം കമ്പനിയിൽ ലയിച്ചപ്പോൾ ജോലി അവിടെയായി. പ്രൂഫ്റീഡർ, വില്പനോദ്യോഗസ്ഥൻ തുടങ്ങിയ പല ചുമതലയുംചെയ്തു. നാലാപ്പാട്ട് വിവർത്തനംചെയ്ത *പാവങ്ങൾ* മംഗളോദയത്തിലാണ് അടിച്ചിരുന്നത്. അതിന്റെ പ്രൂഫ് നോക്കുന്ന ചുമതല. മഹാകവി വള്ളത്തോൾ, പി.എസ്. അനന്തനാരായണശാസ്ത്രികൾ, നാലാപ്പാട്ട് നാരായണമേനോൻ, എം.ആർ.കെ.സി. തുടങ്ങിയ അക്കാലത്തെ സാഹിത്യസാംസ്കാരികപ്രമുഖരുമായി പരിചയം. യോഗക്ഷേമസഭയുടെ മുഖപത്രമായ *യോഗക്ഷേമം*, യുവജനസംഘത്തിന്റെ മുഖപത്രമായ *ഉണ്ണിനമ്പൂതിരി* എന്നീ പ്രസിദ്ധീകരണങ്ങളിലും പങ്കാളിത്തം. യാഥാസ്ഥിതികരുടെ *സുദർശനം* എന്ന പാക്ഷികപത്രത്തിനെതിരായി *പാശുപതം* എന്ന പത്രം തുടങ്ങി. *പാശുപത*ത്തിൽ 'രജനീരംഗം' എന്ന പേരിൽ പംക്തി കൈകാര്യംചെയ്തു. അതിലെ കഥകൾ *രജനീരംഗം* എന്ന പേരിൽ പ്രസിദ്ധീകരിച്ചു (1928). അക്കാലത്താണ് തൃത്താല വടക്കെ വാരിയത്ത് മാധവിക്കുട്ടിവാരസ്യാരെ വിവാഹംചെയ്തത് (1924). അവർക്ക് രണ്ടു പെൺമക്കളുണ്ട്—പാറുക്കുട്ടി, ലക്ഷ്മിക്കുട്ടി. 1929 ജൂലായിൽ *ഉണ്ണിനമ്പൂതിരി* വാരികയായി പ്രസിദ്ധീകരിച്ചപ്പോൾ പ്രിന്റർ ആൻഡ് പബ്ലിഷർ എന്ന ചുമതല. യോഗക്ഷേമസഭയിൽ ഉത്പതിഷ്ണു–തീവ്രവിഭാഗത്തിന്റെ നേതാവായിത്തീർന്നു. ആദ്യത്തെ സാമുദായിക പ്രഹസനമായ *അടുക്കളയിൽനിന്ന് അരങ്ങത്തേക്ക്* യോഗക്ഷേമസഭയുടെ 22–ാം വാർഷികത്തിൽ (നമ്പൂതിരിയുവജനസംഘത്തിന്റെ 11–ാം വാർഷികവും) അരങ്ങേറി (1929 ഡിസംബർ). നമ്പൂതിരിസ്ത്രീകൾ അവിടെവെച്ച് ഘോഷാബഹിഷ്കാരം തുടങ്ങി. നമ്പൂതിരി യുവജനസംഘത്തിന്റെ ഓർഗനൈസിങ് സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ടു (1930 ജനുവരി). നാടകപ്രചരണത്തിനും സാമുദായികപ്രവർത്തനത്തിനുമായി സെക്രട്ടറിസ്ഥാനം ഏറ്റെടുക്കാൻ മംഗളോദയത്തിലെ ജോലി ഉപേക്ഷിച്ചു. *അടുക്കളയിൽനിന്ന് അരങ്ങത്തേക്ക്* എന്ന നാടകത്തിലെ കഥാഗതി വി.ടി.യുടെ ജീവിതത്തിലും അരം വീഴ്ത്തി. നമ്പൂതിരിവൃദ്ധന് 'ഷ്ട്യാമത്തെ വേളിക്ക്' കൊടുക്കാൻ നിശ്ചയിച്ച ശ്രീദേവിഅന്തർജ്ജനത്തെ സഹോദരന്റെയും സുഹൃത്തുക്കളുടെയും താത്പര്യത്താൽ സ്വജാതീ വിവാഹംചെയ്തു (1930 ജൂൺ 13). നാടകാവതരണത്തെത്തുടർന്ന് കുടുംബത്തിൽ ഭാഗം. കണയത്തെ (വാടാനംകുറുശ്ശി) കാഞ്ഞൂർ



നമ്പൂതിരിപ്പാടിന്റെ കളത്തിലേക്ക് മാറിത്താമസിക്കൽ (1930 നവംബർ). ജയിൽവാസത്തെത്തുടർന്ന് സമുദായം ഭ്രഷ്ടുകല്പിച്ച മോഴികുന്നം ബ്രഹ്മദത്തൻ നമ്പൂതിരിയെ പ്രായശ്ചിത്തംചെയ്ത് ശുദ്ധീകരിച്ചു. നമ്പൂതിരിവിദ്യാലയത്തിൽ വിദ്യാഭ്യാസത്തിന് ആളും പണവും ശേഖരിക്കാൻ കേരളത്തിന്റെ വടക്കേ അറ്റംവരെ ഗാന്ധിത്തൊപ്പിയും ചാക്കും ധരിച്ച ഒരു സംഘം നമ്പൂതിരിയുവാക്കളെയുംകൊണ്ട് 'യാചനായാത്ര' (1931 മാർച്ച് 13 – മേയ് 12). അമ്മയുടെ മരണം. പരിവേദനവിവാഹം, വിജാതീയസംബന്ധബഹിഷ്കാരം, അധിവേദനപ്പിക്കറ്റിങ് തുടങ്ങിയ വിവിധ പ്രവർത്തനങ്ങൾ. കുടുമ മുറിക്കുക, അന്തർജ്ജനങ്ങളുടെ വേഷപരിഷ്കാരം, മിശ്രഭോജനം തുടങ്ങിയ പരിപാടിയുടെ ആവിഷ്കാരം. തൃത്താലയ്ക്കടുത്ത് ആലൂരിൽ പണിത 'രസികസദന'ത്തിലേക്ക് താമസം മാറി (1931 ഒക്ടോബർ 21). അന്നുതന്നെ പൊതുവേദിയിൽ അന്തർജ്ജനങ്ങളുടെ ആദ്യഘോഷാബഹിഷ്കാരം. ഗുരുവായൂർക്ഷേത്രപ്രവേശന പ്രചരണത്തിന് വടക്കേമലബാറിൽ നാനായോഗങ്ങളിൽ പ്രസംഗച്ചുമതല. പൊന്നാനി താലൂക്കിലെ ക്ഷേത്രപ്രവേശനറഫറണ്ടത്തിന് വി.ടി.യുടെ നേതൃത്വത്തിലുള്ള എട്ടംഗസമിതിക്ക് നേതൃത്വം. 'രസികസദനം' അതിന്റെ കേന്ദ്രമായി. കസ്തൂർബാഗാന്ധി, രാജഗോപാലാചാരി തുടങ്ങിയ ദേശീയനേതാക്കൾ രസികസദനത്തിൽ ക്യാമ്പ്ചെയ്തു. അയിത്തോച്ചാടനത്തിന് *ഇനി നമുക്ക് അമ്പലങ്ങൾക്ക് തീ കൊളുത്തുക* എന്ന ലഘുലേഖ പ്രസിദ്ധപ്പെടുത്തിയതിന് കൊച്ചിമഹാരാജാവിന്റെ അറസ്റ്റ്വാറണ്ട് (1933). ആദ്യത്തെ വിധവാവിവാഹം (1935 ഏപ്രിൽ). ഇ.വി.നാരായണൻനമ്പൂതിരിയുടെ വിധവയായ സ്വന്തം ഭാര്യാസഹോദരി ഉമയെ എം.ആർ.ബി.ക്ക് വിവാഹംചെയ്തു കൊടുത്തു. അതിൽ പങ്കുകൊണ്ട എല്ലാവർക്കും രാജാവിന്റെ ക്ഷേത്രവിരോധം. വിധവാവിവാഹവേദിയിൽ നമ്പൂതിരി ഇപ്പോൾ മറ്റു മനുഷ്യർക്കു തുല്യനായെന്നും യോഗക്ഷേമസഭ പിരിച്ചുവിടണമെന്നും പ്രഖ്യാപിച്ചു. പിന്നീട് പട്ടാമ്പിക്കടുത്ത് കൊടുമുണ്ടയിൽ 25 ഏക്കർ സ്ഥലം വിലയ്ക്കെടുത്ത് നമ്പൂതിരികുടുംബങ്ങളും മറ്റു ജാതിമതസ്ഥരും ഒരുമിച്ചു താമസിച്ച് തൊഴിൽചെയ്യുന്ന 'കോളനി' സ്ഥാപിച്ചു (1935). *ഉദ്ബുദ്ധകേരളം* എന്ന പത്രം പ്രസ്സിൽനിന്ന് അച്ചടിച്ചു പ്രസിദ്ധപ്പെടുത്തി. സാമ്പത്തികപരാധീനതകളാൽ കോളനി തകർന്നു. മേഴത്തൂർക്കു താമസം മാറ്റി (1937). സ്വന്തം സഹോദരി വി.ടി. പാർവതിയും പി.കെ.രാഘവപ്പണിക്കരും തമ്മിൽ ആദ്യത്തെ നമ്പൂതിരി മിശ്രവിവാഹം (1940). ആ കൊല്ലംതന്നെ അച്ഛൻ മരിച്ചു. ശവസംസ്കാരത്തിന് ബന്ധുക്കൾ സഹകരിച്ചില്ല. തൃത്താല പി.സി.സി. സൊസൈറ്റിയിൽ കളക്ഷൻ ഏജന്റായി ജോലി. പൊന്നാനി താലൂക്ക് കേന്ദ്രകലാസമിതി അധ്യക്ഷൻ (1949). കോൺഗ്രസ്സിൽനിന്ന് രാജി (1950). പിന്നീട് ലേഖനമെഴുത്തും കലാസാംസ്കാരികപ്രവർത്തനങ്ങളും. ഷഷ്ടിപൂർത്തി,

സുഹൃദ്സംഘത്തിന്റെ നേതൃത്വത്തിൽ (1956). മൂത്ത മകൻ വിജയകുമാരന്റെ മരണവും ആ കൊല്ലംതന്നെ. കേരള മിശ്രവിവാഹസംഘത്തിന്റെ നേതൃത്വത്തിൽ കാഞ്ഞങ്ങാട്ടുനിന്ന് ചെമ്പഴന്തിവരെ സാമൂഹിക പരിഷ്കാരജാഥാനേതാവ് (1968). *കണ്ണീരും കിനാവും* എന്ന കൃതിക്ക് കേരളസാഹിത്യഅക്കാദമി അവാർഡ് (1972). കേരളസാഹിത്യഅക്കാദമി ഫെല്ലോഷിപ്പ് (1976). ശതാഭിഷേകം (1979). 1982 ഫെബ്രുവരി 12-ന് അന്തരിച്ചു.

കൃതികൾ; ആദ്യം പ്രസിദ്ധപ്പെടുത്തിയ വർഷവും

*രജനീരംഗം* (കഥകൾ)—1928, *അടുക്കളയിൽനിന്ന് അരങ്ങത്തേക്ക്* (നാടകം)—1929, *പോംവഴി* (കഥകൾ)—1930, *കരിഞ്ചന്ത* (അപ്രകാശിത നാടകം)—1932, *സത്യമെന്നത് ഇവിടെ മനുഷ്യനാകുന്നു* (ലേഖനങ്ങൾ)—1961, *വെടിവട്ടം* (ലേഖനങ്ങൾ)—1980, *കാലത്തിന്റെ സാക്ഷി* (ലേഖനങ്ങൾ)—1981, *എന്റെ മണ്ണ്* (ലേഖനങ്ങൾ)—1982, *കണ്ണീരും കിനാവും* (ആത്മകഥ)—1972, *ജീവിതസ്മരണകൾ* (ആത്മകഥ)—1978, *കർമ്മവിപാകം* (ആത്മകഥാസമാഹാരം)—1988, *വി.ടി.യുടെ തെരഞ്ഞെടുത്ത കഥകൾ*—1990.

*തയ്യാറാക്കിയത്: വി.ടി. വാസുദേവൻ

* സമ്പൂർണ്ണകൃതികളിൽ ചേർക്കാനുദ്ദേശിച്ചിരുന്നിട്ടും ലഭ്യമാകാത്തവയുണ്ട്.



## ഉള്ളടക്കം


വേരുണങ്ങാത്ത വാക്ക്-*കെ.സി. നാരായണൻ* .................. 15
വി.ടി.യുടെ വീട്-*വി.ടി. വാസുദേവൻ*.................................... 35

രജനീരംഗം (കഥകൾ) .................................................... 41
വിഷുക്കേട്ടം .................................................... 45
അതികഠിനം .................................................... 65
മായയോ മൻമതിഭ്രാന്തിയോ? ................................ 69
സാക്ഷാത്കാരം .................................................... 82
എങ്കിൽ— .................................................... 87
ഹിപ് ഹിപ് ഹുറൈയ്! .................................................... 98
ഉത്തരം കിട്ടാത്ത ചോദ്യം .................................... 103
മനയ്ക്കലെ കാര്യസ്ഥൻ.................................... 110
ചൂണ്ടിപ്പലക .................................................... 116
ജ്യേഷ്ഠനും കനിഷ്ഠനും.................................... 119
അഭയാർത്ഥി.................................................... 128
തുപ്പന്റെ കഥ—തന്റെയും .................................... 133
കണ്ണീരും കിനാവും (ആത്മകഥ).................................... 137
കളിവിളക്കിന്റെ കരിന്തിരി.................................... 141
ഒരപ്ഫൻ ജനിക്കുന്നു.................................... 146
കണ്ണീരും കിനാവും .................................... 151
ബാല്യസ്മൃതി.................................................... 158
മുത്തപ്ഫൻ.................................................... 164
ജ്ഞാനസ്നാനം.................................................... 169
മറക്കാത്ത നിമിഷങ്ങൾ.................................... 177
ഗുരുകുലവാസം.................................................... 188
ശാസ്താംകാവിലെ ശാന്തിക്കാരൻ .......................... 201
വളർന്നുവരുന്ന ഒരാത്മാവ്.................................... 207
കെടാത്ത തീനാളങ്ങൾ.................................... 220
ദക്ഷിണായനം (ആത്മകഥ).................................... 227
ദക്ഷിണായനം .................................................... 229

അമ്മിനിക്കാടൻമലയുടെ താഴ്വരയിൽ .......... 248
കുറ്റവും ശിക്ഷയും .......... 252
പുതുമുഖം പൊന്തിവരുന്നു .......... 260
ആത്മാവിന്റെ അടിയൊഴുക്കുകൾ .......... 264
ഓർമ്മകളുടെ നറുനിലാവിൽ .......... 271
നാടകത്തിനു പിന്നിലെ നാടകം .......... 278
കർമ്മവിപാകം (ആത്മകഥ) .......... 289
നാട്യവും വേണ്ട നാടകവും വേണ്ട .......... 291
ധന്യനിമിഷം .......... 304
കർമ്മക്ഷേത്രവും കരുക്കളും തേടി .......... 305
സുശ്രാദ്ധമസ്തു .......... 312
ഒരു വാല്മീകി കയറിവന്നെങ്കിൽ .......... 316
ബ്രഹ്മാലയം തുറക്കപ്പെട്ടു .......... 328
വിധവയുടെ ജീവിതം തളിരണിയുന്നു .......... 331
അപ്ഫൻ .......... 338
തേങ്ങലിലൂടെ ഒരു ചിരി .......... 341
മിശ്രവിവാഹപ്രസ്ഥാനത്തിന് ഒരു മുഖവുര .......... 344
സഖാവുണ്ണി .......... 350
ഉമാദേ ഏതത്തേ*f*നം .......... 362
പിതാവിന്റെ തേങ്ങലുകൾ .......... 372
അടുക്കളയിൽനിന്ന് അരങ്ങത്തേക്ക് (നാടകം) .......... 383
വി.ടി.യുടെ ഉപന്യാസങ്ങൾ .......... 439
ചക്രവാളങ്ങൾ .......... 441
എന്റെ ആദ്യത്തെ ആരാധനാപാത്രങ്ങൾ .......... 443
എന്നെ ആകർഷിച്ച പുസ്തകം .......... 446
നാലപ്പാട്ട്—ഒരു ഉല്പതിഷ്ണു .......... 450
വള്ളത്തോൾക്കമ്പം .......... 454
ഇരുപതാം നൂറ്റാണ്ടിലെ സോക്രട്ടീസ് .......... 457
ശിഷ്യന്റെ തിലോദകം .......... 462
എം.ആർ.ബി. .......... 464
പ്രേംജി എന്ന പ്രിയങ്കരൻ .......... 467
പൊഴിഞ്ഞ പൂക്കൾ .......... 471
എം.സി .......... 475
വെടിവട്ടം .......... 477
ഭാഷയും സംസ്കാരവും .......... 479
രാമായണത്തിലെ സൗഹാർദ്ദബന്ധങ്ങൾ .......... 482
നാട്ടിൻപുറത്തെ നാടകവേദി .......... 487
നമ്മുടെ ആചാരാനുഷ്ഠാനങ്ങൾ .......... 491
ഗ്രാമീണജീവിതം അരനൂറ്റാണ്ടിനുമുമ്പ് .......... 495
പൂക്കളും ആണ്ടറുതികളും .......... 499
കേരളം കെടുതിയിലേക്ക് .......... 502
അസ്പൃശ്യത കേരളത്തിൽ .......... 507
ജാതികൾ എങ്ങനെ ഉണ്ടായി? .......... 511
മതേതരത്വം—സങ്കല്പവും യാഥാർത്ഥ്യവും .......... 513
പുരോഹിതനും രാഷ്ട്രീയക്കാരനും .......... 516
ഇന്നലെ, ഇന്ന്, നാളെ .......... 518
യുഗപുരുഷനായ ഗുരുദേവൻ .......... 521
മദ്യനിരോധത്തെപ്പറ്റി അല്പം .......... 523
ഗാന്ധിമാർഗ്ഗത്തെക്കുറിച്ചുള്ള ചില ചിന്തകൾ .......... 526
ആനുകാലിക പ്രസിദ്ധീകരണങ്ങൾ .......... 530
പാക്കനാർ .......... 532
മേഴത്തോൾ അഗ്നിഹോത്രി .......... 534
വെടിവട്ടം .......... 537
സത്യമെന്നത് ഇവിടെ മനുഷ്യനാകുന്നു .......... 543
എന്റെ മണ്ണ് .......... 545
എന്റെ രാഷ്ട്രസങ്കല്പം .......... 548
ജീവിതം എന്തിന്? .......... 551
എന്റെ ആസ്തിക്യവും നാസ്തിക്യവും .......... 555
ഒരേ പാത .......... 557
ജീവിതം എന്റെ നോട്ടത്തിൽ .......... 559
നിഷ്കർമ്മകാമം .......... 560
സ്വാതന്ത്ര്യം ആർക്ക്, എന്തിന്? .......... 564
ബഹുജനഹിതായ .......... 569
അഴിമതിയുടെ പ്രശ്നം .......... 572
മനുഷ്യത്വമെന്ന മതം .......... 575
അധമരേ— .......... 578
സത്യമെന്നത് ഇവിടെ മനുഷ്യനാകുന്നു .......... 581
ജാതികൾ എങ്ങനെ നിലവിൽ വന്നു? .......... 584
പുരോഹിതനും രാഷ്ട്രീയക്കാരനും .......... 585
'അഗ്നയേ ഇദം ന മമ' .......... 587

അനുബന്ധരേഖകൾ ....................................................591
നികുതിജന്മയുടെ ഏറ്റത്തിലല്ല നമ്പൂതിരിയുടെ മഹിമ ....................................593
നമ്മുടെ ഗൃഹ്യജീവിതം ....................................................599
സാമുദായികപ്രഹസനം പുതിയ പ്രസ്ഥാനം.........603
നമ്പൂതിരിപ്പെൺകിടാങ്ങൾക്ക് ഒരു എഴുത്ത് ......605
നമ്പൂതിരി മനുഷ്യനായിമാറണമെങ്കിൽ ..................616
പുനർവിവാഹം അല്ലെങ്കിൽ വിധവാവിവാഹം .....633
ഞങ്ങളുടെ യാചനായാത്ര............................................636
യാചനായാത്രയെപ്പറ്റി വീണ്ടും....................................637
സമുദായപ്രമാണികൾ സുഖനിദ്രകൊള്ളുന്നു......638
യാചനായാത്രാ റിപ്പോർട്ടിൽനിന്ന്..............................639
ഒരു സംഭാഷണം ....................................................649
മർമ്മഭേദകമായ ഒരു സുദിനം.....................................651
വടക്കോട്ട് ഒരു യാത്ര ....................................................654
മലബാർ ബില്ലിന്റെ മഹാവിജയം ..............................663
ഇനി നമുക്ക് അമ്പലം തീകൊളുത്തുക ..................665
പോലീസന്വേഷണം ....................................................666
ആഢ്യൻകൂലികളെക്കൊണ്ടുള്ള കഴുതകളി........667
'ഒരുങ്ങിക്കൊൾവിൻ'....................................................672
പേരാമംഗലം സമ്മേളനത്തെക്കുറിച്ച് ഉണ്ണിനമ്പൂതിരിയിൽ വന്ന റിപ്പോർട്ട്...........673
കേസരിയുടെ മുഖപ്രസംഗം........................................674
ആചാരവിപ്ലവം ....................................................676
യോഗക്ഷേമസഭ ഓങ്ങല്ലൂരിനുശേഷം....................677
കുറിയേടത്തു താത്രി–സാംസ്കാരിക നവോത്ഥാനനായിക ...................680
കണ്ണീരും കിനാവും ....................................................682
മനുഷ്യനെ നമ്പൂതിരിയാക്കാൻ ശ്രമിക്കുന്നുവോ? ..................................685
സംഗച്ഛധ്വം സംവദധ്വം............................................687
പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക ..................687
യോഗക്ഷേമസഭാപ്രസിഡണ്ടിന് തുറന്ന കത്ത്....688
പാഞ്ഞാൾപാടത്തെ കശാപ്പുശാല...........................689
ഓരോ മൺതരിയിലും ത്രസിക്കുന്നു .......................691
വിശദീകരണ സൂചനകൾ............................................696

അവതാരിക

# വേരുണങ്ങാത്ത വാക്ക്

## കെ. സി. നാരായണൻ

കേരളത്തിൽ സ്ത്രീയുടെ ചരിത്രം എഴുതുമ്പോൾ ഏറ്റവും പ്രധാനിയായി വരുന്ന പുരുഷനാകുന്നു വി.ടി. കാരണം അദ്ദേഹം സ്ത്രീയെ സ്നേഹിച്ചു; സ്ത്രീയോടു സംവദിച്ചു, സ്ത്രീയുടെ വിടുതിക്കായി പ്രവർത്തിക്കുകയുംചെയ്തു.

പുരുഷന്റെ നേതൃത്വത്തിൽ നടന്ന സ്ത്രീവിമോചനപ്രസ്ഥാനം എന്ന് വി.ടി.യുടെ പ്രസ്ഥാനത്തെ വിശേഷിപ്പിക്കാം. ഇരുപതാം നൂറ്റാണ്ടിൽ കേരളത്തിൽ നടന്ന മറ്റു പരിഷ്കരണപ്രസ്ഥാനങ്ങളിൽനിന്നു ഭിന്നമായി സ്ത്രീ നമ്പൂതിരിയുടെ പ്രസ്ഥാനത്തിൽ പാർശ്വവിഷയമായല്ല, കേന്ദ്രബിന്ദുവായിത്തന്നെ നിലകൊണ്ടു. അത് സ്ത്രീയെ സംബോധനചെയ്തു, അവളോടു സംവദിച്ചു, സ്ത്രീയുടെ വിടുതിയും സമുദായത്തിന്റെ വിടുതിയും പരസ്പരം ഇണങ്ങിനിൽക്കുന്നു എന്ന് തിരിച്ചറിഞ്ഞു. സ്ത്രീയുടെ പ്രശ്നം പുരുഷന്റെ പ്രശ്നവും സമുദായത്തിന്റെ പ്രശ്നവും കലയുടെ പ്രശ്നവും മാനുഷികമൂല്യങ്ങളുടെ പ്രശ്നവും ആകുന്ന ഗംഭീരമായ ഒരൊറ്റനൂൽത്തുടർച്ച ആ പ്രസ്ഥാനത്തിനുണ്ടായിരുന്നു. അതുകൊണ്ടത് സമൂഹത്തിന്റെയെന്നപോലെ എഴുത്തിന്റെയും ഉൾഘടനകളെ ഉലച്ചുണർത്തിക്കൊണ്ട് കേരളത്തിലെ നവോത്ഥാന ചരിത്രത്തിലെ പ്രധാനപ്പെട്ട ഒരധ്യായമായി മാറി.

കേരളത്തിലെ മറ്റു സമുദായങ്ങളേക്കാൾ വൈകിയായിരുന്നു നമ്പൂതിരിമാരിൽ ഈ നവോത്ഥാനം ആരംഭിച്ചത്. 1903-ൽ ശ്രീനാരായണഗുരുവിന്റെ കീഴിൽ തിരുവിതാംകൂറിൽ എസ്.എൻ.ഡി.പി. യോഗം രൂപംകൊള്ളുന്ന സമയത്ത് നമ്പൂതിരിമാരുടെയിടയിൽ പ്രാകൃതമായ ഒരു കുറ്റവിചാരണ നടക്കുകയായിരുന്നു—1905-ലെ പ്രസിദ്ധമായ സ്മാർത്തവിചാരം. കുറിയേടത്തുതാത്രി എന്ന അന്തർജ്ജനമായിരുന്നു ഈ വിചാരണയിലെ പ്രതി. 'അടുക്കളദോഷം' എന്ന ചാരിത്ര്യദോഷം ചാർത്തി താത്രിയെ കൊച്ചിരാജ്യത്തെ കുലീനരും ധർമ്മശാസ്ത്രബുദ്ധികളുമായ നമ്പൂതിരിമാർ വിചാരണ നടത്തി. സ്മൃതിയിലെ നിയമങ്ങൾ അനുസരിച്ചാണ് ഈ വിചാരണ എന്നതിനാൽ സ്മാർത്തവിചാരം എന്നുപേർ. നാൽപതുദിവസം നീണ്ടുനിന്നു ആ വിചാരണ. 'അഞ്ചാംപുര'യുടെ ഒരു കോണിലിരുന്നുകൊണ്ട് പ്രതിയായ 'സാധനം' (ഈ നപുംസകലിംഗ ശബ്ദംകൊണ്ടാണ് അവളെ പരാമർശിക്കുക) തന്നെ ദുഷിപ്പിച്ച അറുപത്തിനാലു പുരുഷന്മാരുടെ

## വിശദീകരണ സൂചനകൾ



വി.ടി.യുടെ വാങ്മയത്തിലേക്കു കടന്നുചെല്ലാനുള്ള ലഘു വിശദീകരണ സൂചനകൾ മാത്രമാണിത്. സന്ദർഭങ്ങൾ മനസ്സിലാക്കാൻ എന്നതിലേറെ അർത്ഥകല്പന ആധികാരികമാക്കരുത്.

അകായിൽ – അകത്ത്, അകത്ത് ഉള്ള ആൾ, അന്തർജ്ജനം.
അഗ്രശാല – ഊട്ടുപുര.
അടി അളന്നു നോക്കുക – വെയിലത്തുനിന്ന് കാലടികൊണ്ട് തന്റെ നിഴൽ അളന്ന് സമയം അറിയൽ
അടിക്ടാങ്ങൾ – അടിക്കിടാങ്ങൾ (ആചാരവാക്ക്)
അടിയാൻ – ഇല്ലത്തെ അടിമപ്പണി ചെയ്യുന്നവൻ
അടിച്ചളിക്കാൻ – അടിച്ചുതളിക്കാൻ
അതിനൊക്കോന്നേ വരൂത്രേ – അതിനുതക്കവണ്ണമേ വരുകയുള്ളുവത്രെ
അധിവേദനം – ഒന്നിലധികം വേൾക്കൽ
അനദ്ധ്യായം – വേദാദ്ധ്യയനം ഇല്ലാത്ത ദിവസം
അന്ത്യുടിയ്ക്ക – അന്തിമുടിക്കുക (സന്ധ്യാവന്ദനം ചെയ്യൽ)
അന്യോന്യം – കടവല്ലൂരിൽ നടന്നിരുന്ന വേദപരീക്ഷ
അപ്ഫൻ – അച്ഛന്റെ അനുജൻ





അപ്പിശ്ശി – നമ്പ്യാർസ്ത്രീ
അമറേത്ത് – അമൃതേത് ( ആചാരവാക്ക്)
അമ്മാത്ത് – അമ്മയുടെ വീട്
അമ്മാമി – അമ്മാമന്റെ ഭാര്യ (ആഢ്യൻ), അമ്മായി, (ആസ്യൻ)
അയക്കോൽ – അഴിക്കോൽ (അഴിച്ചെടുക്കാൻ പാകത്തിലുള്ള കോൽ. മുണ്ടും മറ്റും ഇതിൽ ഇടുന്നു)
അർളിചെയ്തത് – അരുളിച്ചെയ്തത്
അവതപറയുക – അനുനയവാക്കു പറയുക
അവനോന്റേടം – അവനവന്റെ ഇടം (സ്വന്തം കാര്യം)
അവർക്കൊത്തോണം – അവർക്കൊത്തവണ്ണം
അഷ്ടമി നടുപ്പത്തിനു തട്ടുക – അഷ്ടമി നടുവിലെ പത്തു നാഴികയ്ക്ക് വേദാധ്യയനം നിർത്തുക
'അസ്യപ്രേഷാ'ണ്ന്യായി – ഓത്തത്തിൽ വലിയ സ്ഥിതിയിലായി
അഴിച്ചോന്ന്യം – അഴിച്ചുപനയനം
ആട്ടപ്പിറന്നാൾ – ആണ്ടുപിറന്നാൾ
ആണ്ടാംമുള – ആദ്യത്തെ മുളപൊട്ടൽ
ആണ്ടൊക്കെ – അതുകൊണ്ടൊക്കെ
ആണ്ടൊസ്സൂല്യോ – അതുകൊണ്ട് വസ്തൂം ഇല്ല
ആത്തേമ്മാർ – അകത്തെ അമ്മാർ
ആയനിയൂണ് – വിവാഹത്തിനു മുമ്പുള്ള ഊണ്
ആവണപ്പലക – വാലുള്ള പലക
ഇടേലൂണ് – ഇടയിലുള്ള ഊണ്
ഇട്ടിക്കണ്ടപ്പന്റെ പ്രവേശം – സംഘക്കളിയിലെ കഥാപാത്രത്തിന്റെ ആഭാസകരമായ വരവ്
ഇത്തിരി – കുറച്ച്
ഇരിയ്ക്കണമ്മ – നമ്പൂതിരിയില്ലത്തെ പരിചാരിക
ഇശ്ശി – വളരെ
ഇശ്ശ്യാമത്തെ – അനവധി പ്രാവശ്യത്തെ
ഉത്തരപ്പുച്ഛം – ഉത്തരത്തിന്റെ അറ്റം
ഉണ്യമ്പൂരി – ഉണ്ണിനമ്പൂതിരി
ഉണ്ണിപ്പിണ്ടി – വാഴപ്പിണ്ടി (ഉള്ളിലുള്ള വാഴത്തണ്ട്)
ഉണ്ണ്യാമ്പ്രാര്ടെ – ഉണ്ണിനമ്പൂതിരിമാരുടെ
ഉപയുക്തം – പൂജ, ഹോമം തുടങ്ങിയ കർമ്മങ്ങൾക്ക് ഉപയോഗിക്കുന്ന സാധനങ്ങൾ. ഇവ കർമ്മിക്കുള്ളതാണ്.
ഉപസ്തരിക്കുക – നെയ്യു വിളമ്പുക (ഊണിന്)
ഉപസ്ഥാനം – ബ്രാഹ്മണരുടെ മധ്യാഹ്നസന്ധ്യാവന്ദനം
ഊക്ക്ണ്ടോ – സന്ധ്യാവന്ദനം ഉണ്ടോ
ഊശിക്കുടുമ – അല്പംമാത്രമുള്ള കുടുമ

ഒച്ചയാട്ടുക – 'യാഹേയ്—'എന്ന് താഴ്ന്ന ജാതിക്കാരോട് ദൂരെ മാറി പോകാൻ തുണക്കാരനോ തുണക്കാരിയോ ഈണത്തിൽ ശബ്ദം പുറപ്പെടുവിക്കുന്നു.
ഒത്തോണം – ഒത്തതുപോലെ
ഒന്നിനൊക്കോണം – ഒന്നിനൊക്കുന്ന വിധം
ഒരരങ്ങുകളി – ഒരരങ്ങു കഥകളി
ഒരൂട്ടൊക്കെ – ഒരുവിധമൊക്കെ
ഒളപ്പോണ്ണ – ഒളപ്പമണ്ണ
ഓടയ്ക്കാ – എവിടേക്കാ
ഓത്ത് – വേദമോതൽ
ഓതിക്കൻ – ഓത്തു ചൊല്ലിക്കുന്നവൻ(പൗരോഹിത്യംനടത്തുന്നവൻ)
ഓത്തൻ – ഓത്തിൽ അവഗാഹം ഉള്ളവൻ
ഓത്തെല്ലുമ്പോ – ഓത്തു ചൊല്ലുമ്പോൾ
ഓത്തൂട്ട് – വേദപ്രകടനം
ഓന്യം – ഉപനയനം
ഓപ്പോള് – മൂത്ത സഹോദരി
ഓയ്ക്കൻ – ഓതിക്കൻ
എങ്ങ്നേ നിശ്ചേക്യാ – എങ്ങനെയാണ് നിശ്ചയിക്കുക
എച്ചിൽ – ഭക്ഷണാവശിഷ്ടം
എത്രട്ടായി – എത്ര അട്ടായി (അട്ടം – അഷ്ടകം)
എളേമ്പൂരി – ഇളയ നമ്പൂതിരി
ഏറാൾപ്പാടന്മാർ – സാമൂതിരിവംശത്തിലെ യുവരാജാക്കന്മാർ
ഔപാസനം – ഗൃഹസ്ഥൻ സപത്നീകനായി ചെയുന്ന ഹോമം
ഔപാസനക്കുണ്ഡം – ഔപാസനാഗ്നി സൂക്ഷിക്കുന്ന കുണ്ട്
കടന്നിരിക്കുക – വേദപ്രകടനത്തിൽ ഉയർന്ന നിലയിലാവുക
കണ്ടഞ്ചാത – ഒരു നമ്പൂതിരിയില്ലം
കർമ്മവിപാകം – മുമ്പുചെയ്ത പ്രവൃത്തികളുടെ ഫലം ഒടുക്കാൻ ചെയ്യുന്ന പ്രായശ്ചിത്തവിധി
കലശക്കുടം – കലശത്തിന് വെള്ളം നിറയ്ക്കുന്ന കുടം
കല്ലരി – അരി (ആചാരവാക്ക്)
കഷ്ട്യേരിക്കാവോ – കഷ്ടിയായിരിക്കുമോ ആവോ
കളിമ്പം – വിനോദം
കാണി – കാണിപ്പയ്യൂർ നമ്പൂതിരി
കാണിച്ചൊടുക്കാർന്നു – കാണിച്ചുകൊടുക്കാമായിരുന്നു
കാണ്ടെ – കാണട്ടെ
കാരപ്പഴം – ഒരു തരം മുള്ളിൻപഴം
കാരവെട്ടുക – കാരക്കാൽ കൊണ്ടുള്ള തട്ടൽ
കാർണ്ണോപ്പാട് – കാരണവപ്പാട്
കാവ് – ഒരു ഓമനപ്പേര്





കിടപ്പിന്റെ വട്ടം – സംബന്ധം (താൽക്കാലികം)
കീഴ്ക്കട – മുമ്പ്
കുഞ്ഞിശ്യമ്മ – ചെറിയ ചിറ്റശ്യമ്മ
കുഞ്ചേ്വാവ്വാ – കുഞ്ചുവോ മറ്റോ
കുഞ്ചാത്രണ്ണ – കൊണ്ടുവന്ന ആത്തേമ്മാർ
കുടിവെപ്പ് – വധുവിന്റെ വരഗൃഹപ്രവേശം
കുട്ടിക്കാവ് – നമ്പൂതിരികന്യക
കുടുക്കനീർ – ഊണിനു മുമ്പായി വെള്ളം കൈയിലെടുത്ത് മന്ത്രപൂർവം കുടിക്കൽ
കുട്യുരുളി – ചെറിയ ഉരുളി
കൂടലാറ്റോറം – കുടലാറ്റുപുറം എന്ന നമ്പൂതിരിഗൃഹം
കൂട്ടാരത്തി– കൂട്ടുകാരത്തി
കൂർച്ചം കെട്ടുക– മൂന്നു ദർഭയെടുത്ത് ഒന്നിച്ചു ചേർത്ത് തല പ്രത്യേക രീതിയിൽ കെട്ടൽ
കൃച്ഛ്രം – ഒരു തരം പ്രായശ്ചിത്തം
കൊക്കർണ്ണി – കുണ്ടൻകുളം
കൊച്ച്മ്പ്രാൻ – കൊച്ചുതമ്പുരാൻ
കൊഞ്ഞനം കുത്തുക – ചിറികോട്ടി ഗോഷ്ടികാണിക്കുക
കൊട്ടിക്കുക – വേദം പരീക്ഷിക്കുക
കൊരട് – പെൺകുട്ടികളുടെ കർണ്ണാഭരണം
കൊളപ്പ്രേൽ – കുളപ്പുരയിൽ
കൊഴക്കട്ട – ഒരു പലഹാരം
കോട്ടിക്കായ – ഗോട്ടികളിക്കാൻ ഉപയോഗിക്കുന്ന മിനുസമുള്ള ഉരുണ്ട കായ
കോലോത്ത് – കോവിലകത്ത്
കൗഷീതകൻ – ഋഗ്വേദികളിലെ ഒരു വിഭാഗം
ഗൃഭ്ണാമിതേ – നിന്റെ സൗഭാഗ്യത്തിനായി ഹസ്തത്തെ പിടിക്കുന്നു എന്ന വിവാഹമന്ത്രം
ഘ്രാസുക – മൂക്കറ്റം ഭക്ഷിക്കുക
ഘോഷ – മൂടുപടം
ചക്കകൊട്ടുക – ആക്ഷേപാർത്ഥത്തിൽ കൈമടമ്പുകൾ കൂട്ടിമുട്ടിച്ചോ കൈമുട്ടുമടക്കി മേലോട്ടുപൊക്കി മറ്റേകൈയിലാക്കിയോ കാണിക്കൽ
ചങ്ങത – സംഹിത (വേദം)
ചപ്പിലകൾ – ഉണങ്ങിയ ഇലകൾ
ചമത – ബ്രഹ്മചാരികൾ രണ്ടുനേരവും കഴിക്കുന്ന ഹോമകർമ്മം
ചമതക്കോൽ – പ്ലാശിൻകോൽ
ചാത – ജാതവേദൻ (ചുരുക്കപ്പേര്)
ചാത്തം – ശ്രാർദ്ധം

ചാർത്ത്– മുഹൂർത്തച്ചാർത്ത്
ചാലയിൽ പോവുക – തിരുവനന്തപുരം ചാല അങ്ങാടിയിൽ പോവുക
ചിറ്റ് – അന്തർജ്ജനങ്ങളുടെ കർണ്ണാഭരണം
ചിറ്റശ്യമ്മ – ചെറിയമ്മ (അമ്മയുടെ അനുജത്തി)
ചീട്ളി – ചീട്ടുകളി
ചുത്താചുത്തം – ശുദ്ധാശുദ്ധം
ചോച്ച്ളയാം – ചോദിച്ചുകളയാം
ചെമ്പുകാശ് – ആചാരവാക്ക് (പണം)
ചെറുതാലി – അന്തർജ്ജനങ്ങൾ കഴുത്തിൽ ധരിക്കുന്ന നൂലിൽ കോർത്ത മണികളും താലികളും (വിവാഹിതകൾക്ക്)
ചെറുക്കൂറ്റ് – ചെറുമുക്കുപക്ഷം
ചെല്ലു – പരുതൂരിലെ ജ്യോത്സ്യൻ ചെല്ലുവെഴുത്തച്ഛൻ
ചേന്നനോയ്ക്കൻ – ചേന്നൻ (ജയന്തൻ) എന്ന ഓതിക്കൻ
ചോതന – അളവ് ($6^1/_4$ ഇടങ്ങഴി)
ചോത്ര്യോഃദ്വാത്രിംശൽ – ചോത്തിക്ക് 32 അടി അയിത്തം
ചോമാതിരി – സോമയാജി
ജലപിശാച് – എല്ലാം അശുദ്ധമെന്നു കരുതി കൂടെക്കൂടെ വെള്ളം തൊടൽ
ജാത്യം – ജാതിക്കു ചേരാത്തത്
തൽക്കുത്തരം – തർക്കുത്തരം
താനം – ദാനം (തിരുവിതാംകൂറിലെയും കൊച്ചിയിലെയും രാജാക്കന്മാർ ക്ലിപ്തദിവസങ്ങളിൽ ബ്രാഹ്മണരെ വിളിച്ചുവരുത്തി ദാനവും ദക്ഷിണയും കൊടുത്തിരുന്നു)
തിടപ്പള്ളി – ക്ഷേത്രങ്ങളിൽ നിവേദ്യാദികൾ പാകം ചെയ്യുന്ന സ്ഥലം
തിരോണം – തിരുവോണം
തിരോന്തരം – തിരുവനന്തപുരം
തിര്ഴ്ത്ത് – തിരുവെഴുത്ത്
തീയാടി – തീയാട്ട് എന്ന ക്ഷേത്രകലയിൽ ഏർപ്പെടുന്ന അമ്പലവാസി (നമ്പ്യാർ)
തുക്ടി – തുക്കിടി
തുടർന്നിരിക്കുക – ഗൃഹസ്ഥൻ ദർഭപ്പുല്ലുകൊണ്ട് സഹധർമ്മിണിയോട് ബന്ധപ്പെട്ടിരിക്കൽ
തുപ്പൻ – സുബ്രഹ്മണ്യൻ
തൃക്കമ്പാർക്കാൻ – തൃക്കൺപാർക്കാൻ
തൃപ്പുക – തൃശ്ശൂർ വടക്കുന്നാഥന് അത്താഴപ്പൂജയ്ക്കുശേഷമുള്ള ആരാധന.
തൃസന്ധ – ഒരു വേദോപാസന
തൊടീക്ക – തൊടുവിക്കൽ
തൊന്ത്രവൊക്കെ – തൊന്തരവൊക്കെ





തേതി – ദേവകി
തേവാരി – ദേവകാര്യകർമ്മി
ദശപുഷ്പം – കറുക, കൃഷ്ണകാന്തി, ചെറൂള, തിരുതാളി, മുക്കുറ്റി, തുടങ്ങിയ മംഗളപുഷ്പങ്ങൾ
ദ്ലാക്കെടുംമുമ്പെ – നിലാവ് കെടുന്നതിന്നുമുമ്പെ
ദീനം വൈഷമ്മിക്കുക – മരിക്കുക
ദെല്ലാം – ഇതെല്ലാം
ദേഹണ്ണം – ദേഹദണ്ഡം (പാചകവേല)
നങ്ങേമ – ഉമ
നനയുക – കളിക്കുക (ആചാരവാക്ക്)
നാടശാല–പൂമുഖവും പത്തായപ്പുരയും തമ്മിൽ യോജിക്കുന്ന ഹാൾ
നാലീസം – നാലുദിവസം
നാസൽ –ജട, രഥ പ്രയോഗത്തിൽ വിഷമം പിടിച്ച ഒരു വർക്കം
നിത്ത്യോർത്തി – നിത്യവൃത്തി
നിരീക്കുക – വിചാരിക്കുക
ന്നാ പെരിത്ത് കട്ടായേ – എന്നാൽ പെരുത്ത് കഷ്ടായേ
ന്നാസ്സൂല്യേ– എന്നാൽ വസ്തുംല്യേ
നോസ്കാരം – നമസ്കാരം
നെടോ്ങ്ങല്യം – നെടുമംഗല്യം
പകഴ്യേൻ – പകഴിയൻ (ഋഗ്വേദികളിൽ ഒരു വിഭാഗം)
പടിഞ്ഞാറ്റി – നാലുകെട്ടിന്റെ പടിഞ്ഞാറെ ഭാഗം (പ്രധാന കെട്ടിടം)
പത്തനാടി – യാഗം ചെയ്ത ബ്രാഹ്മണന്റെ പത്നി
പത്തി – മേഴത്തൂരിലെ നമ്പൂതിരിഗൃഹം
പരിവേദനം – ജ്യേഷ്ഠനുമുമ്പ് അനുജൻ കഴിക്കുന്ന വിവാഹം
പരേശ്ശരൻ – പരമേശ്വരൻ
പവിത്രം കെട്ടുക – രണ്ടുദർഭകൾ ചേർത്തുപിരിച്ച് പ്രത്യേകരീതിയിൽ കെട്ടൽ. കർമ്മങ്ങൾക്ക് ഇതു ധരിക്കുന്നു.
പഴമനസ്സിൽ – ആചാരവാക്ക്
പാക്യം – ഭാഗ്യം
പാച്ചു – പരമേശ്വരൻ
പാച്ചുവപ്ഫൻ – പാച്ചു എന്ന അപ്ഫൻ
പാപ്പ വെച്ചുടുക്കുക– പാപ്പയുടെ ആകൃതിയിൽ ഒക്ക്(മുഴ) ഉണ്ടാകും വിധം ശീലയുടുക്കുക
പാപ്പു – പാർവ്വതി
പാർതി, പാറോതി – പാർവ്വതി
പാവുമുണ്ട് – കസവുകരയുള്ള മുണ്ട്
പാളാക്ക് – നിലം വൃത്തിയാക്കാനും മറ്റും പാളകൊണ്ട് മുറിച്ചത്
പിടിമൊന്ത – അമ്പലത്തിൽ അടിച്ചു തളിക്കുമ്പോൾ ഉപയോഗിക്കുന്ന പിടിയുള്ള പാത്രം

പുണ്യാഹം – ശുദ്ധീകരണകർമ്മം
പുല്ല് – ദർഭപ്പുല്ല്
പുലിയാമോതിരം – ഉണ്ണികൾ കഴുത്തിൽ ധരിക്കുന്ന പുലിനഖമോതിരം
പുളിയേർക്കരമുണ്ട് – പുളയിലക്കരമുണ്ട്
പൂമോത്ത് – പൂമുഖത്ത്
പൂരങ്കണോതി –പൂരം ഗണപതി
പൂവിട്ടലക്കിയ മുണ്ട് – പ്ലാശിൻ പൂവിട്ടലക്കിയ മുണ്ട്
പെർന്നാന്നാൾ – പിറന്നാൾ ദിവസം
പേരശ്യമ്മ – അമ്മയുടെ ജ്യേഷ്ഠത്തി
പൊകോണ്ടി –പുകവണ്ടി
പൊറത്താർന്നു – തീണ്ടാരിയായിരുന്നു
പൊതുവായ,പൊരുത –നമ്പൂതിരി ഗൃഹങ്ങൾ
പൊതുവാളുടെ സ്കൂൾ – അച്ചുതപൊതുവാൾ തൃത്താലയിൽ നടത്തിയിരുന്ന സംസ്കൃതം സ്കൂൾ
പോർത്തയ്ക്ക് – പുറത്തേക്ക്
ഷത്തന്നെ – ഇപ്പോൾത്തന്നെ
ഷള്ളോർക്ക് – ഇപ്പോൾ ഉള്ളവർക്ക്
ബലിക്കൽപ്പുര – ക്ഷേത്രനടയിൽ ബലിക്കല്ല് നനയാത്തവിധം കെട്ടിയ പുര
ഭർഗ്ഗിക്കുക – കൈക്കലാക്കുക
മഞ്ഞപ്പറ്റ – മേഴത്തൂരിലെ നമ്പൂതിരിഗൃഹം
മധുരാങ്ങ്ലം – മധുരമംഗലം
മനരിച്ച്ല് – മനതിരിച്ചിൽ (പെൺകുട്ടി വിവാഹത്തോടെ സ്വന്തം മന വിട്ടു ഭർതൃഗൃഹത്തിലേതാകുമല്ലൊ)
മഹംബ്രാൻ – മഹൻ തമ്പുരാൻ
മറക്കുട– നമ്പൂതിരിസ്ത്രീ സ്വയം മറയ്ക്കാൻ ഉപയോഗിക്കുന്ന ഓലക്കുട
മാസം – മരണദീക്ഷയുടെ സമാപനം
മാളാത്രണ്ണ – കൊടുത്ത മകളായ ആത്തേമ്മാർ
മിത്ഥിമ്ട്ടാ – ബുദ്ധിമുട്ടാ
മുക്കിലും പടീമ്പ്ലും– വേദമത്സരപരീക്ഷയിൽ(അന്യോന്യം) ജടയും രഥയും പരീക്ഷിക്കപ്പെടുന്നത് മുക്കിലും പടിയിലും വെച്ചാണ്
മുത്തശ്യമ്മ – മുത്തശ്ശിയമ്മ
മുപ്രവട്ടി – മൂന്നുപറ കൊള്ളുന്ന വട്ടി
മുറി തരുക – രശീതി തരുക
മൂത്രക്കുഴി – മൂത്രപ്പുര
മൂർത്തം – മുഹൂർത്തം
മൂസ്സ്, മൂസ്സാമ്പൂരി – മൂത്ത നമ്പൂതിരി
മെഴുങ്ങ് – എണ്ണ (മെഴുക്ക്)





മേലട്ക്ക – മേലടുക്കള
മേലീശ – മേൽമീശ
മ്പ്രണാ – തമ്പ്രാനേ
യാഹേയ് – പോ എന്ന അർത്ഥത്തിലുള്ള ഒച്ചയാട്ടൽ
രഥമാത്രയിൽ – രഥ ചൊല്ലുന്നതുപോലെ
വത്സൻ – അട
വല്യുണ്ട് – വലിയ മുണ്ട്
വഷളി – ദാസി (വൃഷളി)
വസ്സുത – വസ്തുത
വസ്ത്രം വിഴുക്കുക – വസ്ത്രം മാറുക
വളേം കുറീം മാറൽ – ആഢ്യന്മാർ കൈയിൽ പിച്ചളവളയും ആസ്യന്മാർ ഓട്ടുവളയുമാണ് അണിയുക. വിളയൂരും കർക്കടാങ്കുന്നും ആഢ്യഗൃഹങ്ങളായതിനാൽ വളയും കുറിയും മാറേണ്ടതില്ല.
വളൂസൻമട്ട് – ഒഴുക്കൻമട്ട്
വാട്ടെലസ്സദ്യ – വാട്ടിക്കീറിയ ഇലവെച്ച് വിളമ്പുന്ന വലിയ സദ്യ
വാരം–ക്ഷേത്രമണ്ഡപത്തിലിരുന്നു ചെയ്യുന്ന വേദോപാസന
വെച്ചോക്കാരം – വെച്ചുനമസ്കാരം
വെള്ള്യോതരം – വെള്ളിമോതിരം
വേളിശ്ശേഷം – വേളിക്കുശേഷം നാലാംദിവസം വധുവിനെ പ്രാപിക്കുന്ന ചടങ്ങ് (സേകം)
ശനിപ്രദോഷം – ശനിയും പ്രദോഷവും കൂടിവരുക
ശാര്രം – ശാരീരം
ശാന്തിര്ത്തി – ശാന്തിവൃത്തി
ശ്ശി – അസംഖ്യം
ശ്ശിക്കിൽ – അസംഖ്യം ദിക്കിൽ
ഷ്കോള് –സ്കൂള്
സന്ധ്യമുട്ടുക – സന്ധ്യാകർമ്മത്തിന് മുടക്കംവരുക
സുദർശനക്കാർ – സുദർശനപത്രക്കാർ (യാഥാസ്ഥിതികർ)
സൂക്തമാവുക – ഓത്തുചൊല്ലാനാവുക
സ്മാർത്തൻ – സ്മൃതി അറിയുന്നവൻ
സ്രുതി – ശ്രുതി
സ്ഥൂലല്യ, നല്ലപെട്ട – സംശയമായി ചൊല്ലല് ഇല്ല, പെഴയില്ല
സ്വരിച്ചു ചൊല്ലുക– സ്വരിതത്തോടെ ചൊല്ലുക
സംക്ഷത്ത് – സമക്ഷത്തിൽ
റാൻ – ആചാരവാക്ക്